# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## <u>പോലീസ് വകുപ്പിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിലെ ഒഴിവുകൾ</u>

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.4266

17.05.2017-ൽ മറുപടിക്ക്

**ചോദ്യം**

ശ്രീ.എം. ഉമ്മർ

**മറുപടി**

പിണറായി വിജയൻ

(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| എ) | പോലീസ് വകുപ്പിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിലെ ഒഴിവുകൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്യാത്ത സാഹചര്യത്തിൽ ടൈപ്പിസ്റ്റ്-കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് കൺവെർഷൻ അനുപാതം 50:50 ആക്കി എങ്ങനെയാണ് പാലിച്ചു പോരുന്നത് എന്ന് വിശദമാക്കാമോ; | എ) | പോലീസ് വകുപ്പിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് നിയമനം 1:1 എന്ന അനുപാതത്തിലാണ്. 50% ഒഴിവുകൾ പി.എസ്.സി മുഖേനയും 50% ഒഴിവുകൾ തസ്തിക മാറ്റം മുഖേനയുമാണ് നികത്തുന്നത്. നിലവിൽ ആകെയുള്ള 109 തസ്തികയിൽ 63 പേർ നേരിട്ടുള്ള നിയമന പ്രകാരവും (പി.എസ്.സി/ എംപ്ലോയ് മെന്റ്/വകുപ്പുമാറ്റം/ ആശ്രിത നിയമനം) 37 പേർ തസ്തിക മാറ്റം വഴിയും നിയമിക്കപ്പെട്ടവരാണ്. നിലവിൽ 9 തസ്തികകൾ ഒഴിവുണ്ട്. 1:1 എന്ന അനുപാതം അനുസരിച്ച് നേരിട്ട് നിയമനം ലഭിക്കേണ്ട 55 കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിലേക്കുള്ള നിയമനങ്ങൾക്ക് പകരം 63 പേരാണ് നേരിട്ടുള്ള നിയമന പ്രകാരം നിയമിച്ചിട്ടുള്ളത്. ആയതിനാൽ നിലവിലുള്ള നിയമനങ്ങൾ തസ്തിക മാറ്റം വഴി നികത്തുവാൻ മാറ്റി വച്ചിരിക്കുകയാണ്. |
| ബി) | 2011 മുതൽ നടത്തിയ 35 നിയമനങ്ങളിൽ ഈ തത്വം പാലിച്ചിരുന്നോ; എങ്കിൽ കണക്കുകൾ ലഭ്യമാക്കാമോ; | ബി) | 2011 മുതൽ നടന്ന നിയമനങ്ങളിൽ 18 പേർ തസ്തികമാറ്റം വഴിയും 17 പേർ പി.എസ്.സി വഴിയും നിയമനം നൽകിയിട്ടുണ്ട്. |
| സി) | 17.11.2012-ലെ GO(MS) No.288/2012 /HOME എന്ന ഉത്തരവ് പ്രകാരം സ്പെഷ്യൽ ബ്രാഞ്ച് സി.ഐ.ഡി-യിലേക്ക് മാത്രമായി പരിമിതപ്പെടുത്തിയ നിയമനങ്ങൾ പോലീസ് വകുപ്പിൽ പൂർണ്ണമായും നടപ്പിലാക്കിയതിന്റെ കാരണം എന്താണെന്ന് വിശദമാക്കാമോ; | സി) | സ്പെഷ്യൽ ബ്രാഞ്ചിലേയ്ക്കും പോലീസ് വകുപ്പിലേയ്ക്കും സി.എ.മാരെ നിയമിക്കുന്നത് പോലീസ് എസ്റ്റാബ്ലിഷ് മെന്റാണ്. പ്രസ്തുത സി.എ.മാർക്ക് പൊതുവായ സീനിയോറിറ്റി ലിസ്റ്റും പ്രമോഷനുകളുമാണ് നിലവിലുള്ളത്. ആയതിനാൽ പ്രസ്തുത ഉത്തരവ് പോലീസ് വകുപ്പിന് പൂർണ്ണമായും ബാധകമാണ്. |

| | | | |
|---|---|---|---|
| ഡി) | 23.12.2014-ലെ GO(MS) No. 266/2014/ HOME പ്രകാരം പ്രസ്തുത തസ്തികയിലെ നിയമനം പി.എസ്.സി-ക്ക് വിട്ട സാഹചര്യത്തിൽ നടപടി ക്രമങ്ങൾ പൂർത്തീകരിക്കുന്നതിന് മുമ്പ് മറ്റ് രീതിയിൽ നിയമനം നടത്തുന്നത് ചട്ടപ്രകാരമാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | ഡി) | നേരിട്ടുള്ള നിയമനത്തിനായി നിശ്ചയിച്ചിട്ടുള്ള ക്വാട്ട മേൽപ്പറയുന്ന സർക്കാർ ഉത്തരവിന് മുമ്പ് തന്നെ അധികരിച്ചിട്ടുള്ളതാണ്. ആയതിനാൽ തസ്തികമാറ്റം വഴി നികത്തേണ്ട ചട്ട പ്രകാരമുള്ള ഒഴിവുകൾ മാത്രമേ ടി ഉത്തരവിന് ശേഷം നികത്തിയിട്ടുള്ളൂ. പോലീസ് വകുപ്പിൽ സി.എ മാരുടെ സേവനം അത്യന്താപേക്ഷിതമായ ഒന്നാണ്. പോലീസ് ഉദ്യോഗസ്ഥന്മാരുടെ അമിത ജോലിഭാരം ലഘൂകരിക്കുന്നതിനായി സി.എ. മാരെ അടിയന്തിരമായി നിയമിക്കേണ്ടതായി വന്ന സാഹചര്യത്തിലാണ് ഇപ്രകാരം നിയമിക്കേണ്ടി വന്നത്. |
| ഇ) | നിലവിൽ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 2017-18 കാലയളവിൽ എത്ര പ്രതീക്ഷിത ഒഴിവുകൾ ഉണ്ട്; ജില്ലയും യൂണിറ്റും തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ: 50:50 എന്ന അനുപാതം പൂർണ്ണമായും പാലിച്ച് നിയമനം നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; അറിയിക്കാമോ? | | 9 ഒഴിവുകൾ നിലവിലുണ്ട്.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>തിരുവനന്തപുരം - (ഒന്ന് വീതം)<br>1)എസ്.എ.പി<br>2)എസ്.സി.ആർ ബി ആസ്ഥാനം<br>3)എസ്.ബി.സി ഐ.ഡി ആസ്ഥാനം<br>4)തിരുവനന്തപുരം റൂറൽ എസ്.പി. ഓഫീസ്<br>5)സി.ബി.സി.ഐ. ഡി.ഒ.സി.ഡബ്ല്യു<br>6) സി.ബി.സി.ഐ ഡി ആസ്ഥാനം<br>7)ഒ.സി.ഡബ്ല്യു.സി എസ്.ഒ.<br><br>തിരുവനന്തപുരം റൂറൽ &ഡി.പി.ഒ പത്തനംതിട്ട (ഒന്ന് വീതം) - തിരുവനന്തപുരം റൂറലിലേയും ഡി.പി.ഒ പത്തനംതിട്ടയിലേയും 2 ഒഴിവുകൾ പി.എസ്.സി- യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതും എന്നാൽ നാളിതു വരെ നടപടി ഉണ്ടായിട്ടില്ലാത്തതുമാണ്. പ്രസ്തുത ഒഴിവ് സംവരണം ചെയ്തിരുന്ന ഓർത്തോപീഡിക് അംഗപരിമിതർ ലിസ്റ്റിൽ ഇല്ലാത്തതിനാൽ നിയമനം നടത്താൻ കഴിഞ്ഞിട്ടില്ല.<br><br>ഇതിനു പുറമേ 2017-18 വർഷത്തിൽ 4 പ്രതീക്ഷിത ഒഴിവുകൾ ഉണ്ട്.<br><br>1)ഡി.പി.ഒ എറണാകുളം റൂറൽ - എറണാകുളം ജില്ല<br>2)എസ്.ഡി.പി.ഒ ആറ്റിങ്ങൽ - തിരുവനന്തപുരം റൂറൽ<br>3)എസ്.ഡി.പി.ഒ ചേർത്തല - ആലപ്പുഴ<br>4)എസ്.ബി.സി.ഐ.ഡി (എച്ച്.ക്യു) - തിരുവനന്തപുരം<br><br>50:50 എന്ന അനുപാതത്തിൽ നിയമനം നടത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ